മിസ്റ്റർ പറമ്പിലോനപ്പൻ: ഉപയോഗകരമാക്കാമെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ട്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഏകെ"സ്റ്റർട്ടുമാർ ഉപദേശിച്ചപ്പോഴാണൊ ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടതു"?

മിസ്റ്റർ പറമ്പിലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ പി. നാരായണമേനോൻ: ഇതുകൊണ്ടു ഉപകാരമില്ലായെന്നു ഗവണ്മെൻറിനു മനസ്സിലായതു വല്ലവരും പറഞ്ഞിട്ടാണൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: ഗവണ്മെൻറിനു അനുഭവത്തിൽനിന്നു മനസ്സിലായതാണു".

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഹെൽത്തുസെൻറ"സു" ആശുപത്രികളും തമ്മിൽവളരെ വ്യത്യാസമൊന്നുമില്ലെന്നു പറയാമൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: വളരെ വ്യത്യാസമുണ്ടു".

COTTAGE INDUSTRIES STARTED AND ENCOURAGED BY GOVERNMENT

29. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) what are the cottage industries that the Government have started;

(*b*) what cottage industries are being encouraged by them and what are the ways in which such encouragement is given ?

Mr. Parambi Lonappen *(Minister for Rural Development):* (*a*) The cottage industries that have been started departmentally by the Government are the following.—

1. Lace, Garland and cap-making.
2. Manufacture of slates and photo frames.
3. Manufacture of tooth-powder.
4. Brush making.
5. Hand-made paper making.
6. Oil pressing by improved "chuck".
7. Dyeing and Printing.
8. Handloom weaving.
9. Making of reed mats, screwpine mats, bamboo mats, baskets, etc.

(*b*) Government give encouragement to all cottage industries which in their opinion require encouragement. Some of the ways in which such encouragement is given, are mentioned below.—

1. By organising cottage industries departmentally and working them under the direct charge of supervisors or experts appointed for the purpose by the Government.
2. By encouraging the formation of Industrial Co-operative Societies and appointing paid Secretaries to them whenever necessary.
3. By giving free grants and subsidies on production basis.
4. By giving loans at low rates of interest and on easy re-payment system.
5. By finding out good markets for the products and supplying the necessary raw materials for production.
6. By lending buildings, equipments, etc.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: ഈ ഡിപ്പാർട്ട്മെൻറലായിട്ടു ചില വ്യവസായങ്ങൾ ഗവണ്മെണ്ടു" നടത്തുന്നതായി ഇതിൽ പറഞ്ഞിട്ടുണ്ടു". അതു എന്തുദ്ദേശത്തോടുകൂടിയാണു" നടത്തുന്നതു"; ലാഭത്തെ ഉദ്ദേശിച്ചോ അല്ലെങ്കിൽ ആളുകൾക്കു" പഠിക്കുവാൻ വേണ്ടിയോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആളുകൾക്കു" ട്രെയിനിംഗ" കൊടുക്കുന്നതിനും വ്യവസായത്തിൽ encouragement ഉണ്ടാക്കാനുമാണു".

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: ലാഭേച്ഛയില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോഴത്തെ അറിവു അതുകൊണ്ടു" നഷ്ടമില്ലെന്നാണു".

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: അപ്പോൾ അതൊരു സ്കൂളാണെന്നു വിചാരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരു ടെയിനിംഗ് സെൻറർറായിട്ട് വിചാരിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഈ ബ്രഷ് മേക്കിംഗ് ആരുടെ ചാർജ്ജിലാണ് നടത്തുന്നത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: Assistant Director of Industries-ൻെറ കീഴിലാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹമാണോ ബ്രഷ് ഉണ്ടാക്കുന്നത്.

മിസ്റ്റർ പറമ്പി ലോനപ്പൻ: ബ്രഷ് ഉണ്ടാക്കുന്നതിനു വേറെയാളുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: വേറെ ആളുണ്ടെന്നു പറഞ്ഞുവല്ലൊ. അയാളുടെ പേരെന്താണ്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മി. തമ്പിയെന്ന ഒരാളാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ബ്രഷ് ഉണ്ടാക്കുന്നതിനു വേണ്ട മിഷ്യനറി അദ്ദേഹത്തിനു കിട്ടീട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോൾ കിട്ടീട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: മിഷ്യനറി കിട്ടാൻ താമസം വന്നതുകൊണ്ടു ജോലി മുടങ്ങീട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മിഷ്യനറി കിട്ടുന്നതിനു സല്പം താമസം നേരിട്ടതുകൊണ്ട് കുറച്ചുനാൾ ആ ജോലി നടത്തുവാൻ കുറച്ചു അസൌകര്യം വന്നിട്ടുണ്ട്.

മിസ്റ്റർ വി. ആർ കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹമാണൊ ഈ മിഷ്യനറിയുണ്ടാക്കിയതു? അല്ലെങ്കിൽ വേറെയാരെങ്കിലുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അദ്ദേഹത്തിൻെറ സൂപ്പർവിഷനിൽ കൊല്ലന്മാരും പണിക്കാരുമുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: മിഷ്യനറിയുണ്ടാക്കിയില്ലെങ്കിൽ അദ്ദേഹത്തിനു ഉദ്യോഗം ഇല്ലാതെവരുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മിഷ്യനറി ഉണ്ടാക്കിയില്ലെങ്കിൽ അദ്ദേഹത്തിനു ജോലിക്കു അസൌകര്യമുണ്ടാകും.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: മിഷ്യനറിയുണ്ടാക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചുമതല അദ്ദേഹത്തിനുമുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: മിഷ്യനറിയെക്കുറിച്ചു യാതൊരു ആലോചനയും കൂടാതെയാണൊ അദ്ദേഹത്തെ വെച്ചതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചനയോടുകൂടിയാണ് വെച്ചതു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ബ്രഷ് മേക്കിംഗിനു ആവശ്യമായ മിഷ്യനറിസിനെക്കുറിച്ചു യാതൊരു ആലോചനയും കൂടാതെ ആളെ വെച്ചിട്ട് കുറേക്കാലം കഴിഞ്ഞപ്പോഴല്ലേ അയാൾ അക്കാര്യത്തിൽ പ്രവൃത്തിക്കുവാൻ തുടങ്ങിയതു.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇങ്ങിനെ ഒരു ഇൻഡസ്ട്രീസിൻെറ ആവശ്യമുണ്ടെന്നു തോന്നിയതുകൊണ്ടാണ് ആളെ വെച്ചതു.

മിസ്റ്റർ വി. ആർ കൃഷ്ണനെഴത്തശ്ശൻ: യാതൊരു ജോലിയുമില്ലാതെ അദ്ദേഹം വളരെനാൾ വെറുതെയിരുന്നൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലിയില്ലാതെ അദ്ദേഹം വെറുതെയിരുന്നിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: Hand-made പേപ്പർ മേക്കിംഗിനു ആരെയാണു വെച്ചിരിക്കുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: അദ്ദേഹത്തിൻെറ പേർ ഈശ്വരയ്യർ എന്നാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേത്തിൻെറ വീടു എവിടെയാണു?

മിസ്റ്റർ പറമ്പി ലോനപ്പൻ: പവർഹൌസിൻെറ അടുത്താണെന്നാണ് അറിയുന്നതു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹത്തിൻെറ വീടു പുങ്കുന്നത്താണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പവർ ഹൌസിൻെറ അടുത്താണെന്നറിയാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹം ഏതു് ഡിപ്പാർട്ടുമെൻറിന്റെ കീഴിലാണു് ജോലി ചെയ്യുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: Director of Industries and Commerce ന്റെ കീഴിലാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹത്തിന്റെ ജോലിക്കാവശ്യമായ സാമാനങ്ങളും ഉപകരണങ്ങളും അദ്ദേഹത്തിന്റേതാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അല്ല, ഗവൺമെൻറിന്റെതാണു്.

മിസ്റ്റർ വി. ആർ കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹത്തിന്റെ ശമ്പളമെന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ന്യൂ ഠക.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹം എത്രകടലാസുണ്ടാക്കീട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ ൦ ൦ റീം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: എത്രകാലംകൊണ്ടാണു് ഇത്രയും കടലാസുണ്ടാക്കിയതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: രണ്ടു കൊല്ലത്തിനിടക്കാണു്. അദ്ദേഹത്തെ ഇപ്പോൾ വേണ്ടെന്നു വെച്ചിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: കൈകൊണ്ടു് കടലാസുണ്ടാക്കുന്ന വ്യവസായം ഇൻഡ്യയിൽ വേറെ വല്ല സ്ഥലത്തും നടത്തുന്നതായിട്ടു് ഗവൺമെൻറിനറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: തിരുവിതാംകൂറിൽ നടത്തുന്നുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: വാല്പാ എന്ന സ്ഥലത്തു ഈ വ്യവസായം നടത്തിവരുന്നതായി ഗവൺമെൻറിനറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിയാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അവിടേക്കു ടെയിനിംഗിന്നു് ആരെയെങ്കിലും അയച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ ആൾ അവിടെ പോയി ടെയിനിംഗു് കഴിച്ചിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹത്തെ കൂടാതെ വേറെ ആരെങ്കിലും അവിടെ പോയി ടെയിനിംഗു് കഴിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രഭാകരൻ കത്താവു് എന്നൊരാളും അവിടെ പോയിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹത്തിന്നു എവിടെയായിരുന്നു ജോലി?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചേറ്റുസെൻററിലായിരുന്നു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹം ഇപ്പോൾ എവിടെയാണു് ജോലി ചെയ്യുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അദ്ദേഹം ഇപ്പോൾ ഒരു ഫീൽഡാപ്പീസരാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹത്തെ അവിടെ നിന്നു ഫുഡ് ഡിപ്പാർട്ടുമെൻറിലേക്കു മാറ്റുവാനുള്ള കാരണമെന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അദ്ദേഹത്തിന്നു അവിടെ ശമ്പളം പോരായെന്നു പറഞ്ഞതുകൊണ്ടാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: കൂടുതൽ ശമ്പളം കൊടുത്തു അദ്ദേഹത്തെ കടലാസുണ്ടാക്കാനായി നിയമിക്കാമായിരുന്നില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിന്നിവിടെ തല്ക്കാലം സ്റ്റോപ്പുണ്ടായിരുന്നില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹത്തിനും ഈ വിഷയത്തിൽ എത്ര കൊല്ലത്തെ ടെയിനിംഗുണ്ടു?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസു വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഈ ഈശ്വരയ്യക്കു എത്ര കൊല്ലത്തെ ടെയിനിംഗുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: അദ്ദേഹം വാർദ്ധയിൽ ട്രെയിനിംഗിന്നു പോയിട്ടുണ്ടെന്നറിയാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പ്രഭാകരൻ കർത്താവിന്നു എത്രകൊല്ലത്തെ ട്രെയിനിംഗുണ്ടെന്നു പറയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസു വേണം.

മിസ്റ്റർ പൂയ്യർ അച്യുതമേനോൻ: കടലാസുണ്ടാക്കൽ നിർത്തിയതു് കടലാസ്സിന്നു ക്ഷാമമില്ലാത്തതുകൊണ്ടാണൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ വക്കു ശരിക്കു നടക്കാത്തതുകൊണ്ടാണു്.

മിസ്റ്റർ പൂയ്യർ അച്യുതമേനോൻ: അതു ശരിക്കു നടത്തിക്കുവാൻ ഗവമ്മേണ്ടു വല്ല ശ്രമവും ചെയ്തിട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ശ്രമിച്ചു; പക്ഷെ ഫലിച്ചില്ല.

മിസ്റ്റർ പൂയ്യർ അച്യുതമേനോൻ: കടലാസുണ്ടാക്കുന്നതിന്നു് പരിചയമില്ലാത്ത ഈ ശ്രമത്തെ അതിന്നു വെച്ചതുകൊണ്ടാണു് അവിടെ ജോലി തീരെ നടക്കാതെ പോയതെന്നു ഗവമ്മേന്റിനറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: Hand-made paper industry ഗവമ്മേന്റെ നടത്തീട്ടു ഗുണമില്ലെന്നു തോന്നിയതുകൊണ്ടാണു് നിറുത്തിക്കളഞ്ഞതു്.

മിസ്റ്റർ പൂയ്യർ അച്യുതമേനോൻ: അതു് ആളുകൾക്കു ട്രെയിനിംഗ് കൊടുക്കുവാനാണു് ഏർപ്പെടുത്തിയതെന്നു ഗവമ്മേണ്ടു പറഞ്ഞുവല്ലൊ. വേണ്ട വിധത്തിലുള്ള ട്രെയിനിംഗ് കിട്ടിയതു കൊണ്ടാണൊ അതു വേണ്ടെന്നു വെച്ചതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: Hand-made paper industires-നു അവിടെ വലുതായ സ്കോപ്പില്ലാഞ്ഞതു കൊണ്ടാണു് വേണ്ടെന്നു വെച്ചതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: Hand-made paper industry ഇൻഡ്യയിൽ ഏതെങ്കിലും പ്രദേശത്തു ഗവമ്മേണ്ടു നടത്തിവരുന്നതായി അറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസു വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: Hand-made paper industry ഇവിടെ പ്രായോഗികമാണെന്നു ഗവമ്മേണ്ടിനറിയിമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഗവമ്മേണ്ടു നടത്തീട്ടു പ്രായോഗികമാണെന്നു തോന്നിയില്ല.

മിസ്റ്റർ പി. നാരായണമേനോൻ: കോട്ടേജു് ഇൻഡസ്ട്രീസു് തുടങ്ങുന്നതിനെ സംബന്ധിച്ചു ഗവമ്മേണ്ടിന്നു വല്ല സ്കീമുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോൾ വലിയ സ്കീമൊന്നുമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഈ രാജ്യത്തു അധികം ഉണ്ടാകുന്നതും അധികം ചിലവുള്ളതും അധികം ചിലവില്ലാത്തതുമായ സാധനങ്ങളുടെ ഒരു ലിസ്റ്റു ഗവമ്മേണ്ടു തയ്യാറാക്കീട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

Mr. M. I. Paul *(Narakkal)*: Does the Hon'ble Minister know whether coir is a product that can be used as a cottage industry?

Mr. Parambi Lonappen *(Minister for Rural Development)*: Yes, he knows.

Mr. M. I. Paul *(Narakkal)*: Does the Hon'ble Minister know that coastal areas produce abundant coir?

Mr. Parambi Lonappen *(Minister for Rural Development)*: Yes, he knows that also.

മിസ്റ്റർ പി. നാരായണമേനോൻ: ഇങ്ങിനെ ഒരു ലിസ്റ്റു് തയ്യാറാക്കണമെന്നു ഗവമ്മേണ്ടു വിചാരിക്കുന്നുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കോട്ടേജു് ഇൻഡസ്ട്രീസിന്നു് ഇങ്ങിനെ ഒരു ലിസ്റ്റു് തയ്യാറാക്കിയാൽ കൊള്ളാം. അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: സ്കീം തയ്യാറാക്കുന്നതിന്നു ഈ മാതിരി ഒരു ലിസ്റ്റു് ആവശ്യമാണൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: ആവശ്യമുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: അപ്പോൾ സ്കീമില്ലാതെയാണോ ഗവമ്മെണ്ട് പ്രവൃത്തിച്ചിട്ടുള്ളത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചിലതു് പ്രവൃത്തിച്ചിട്ടുള്ളതു് സ്കീമില്ലാതെയാണു്.

മിസ്റ്റർ പി. നാരായണമോനോൻ: സ്കീമില്ലെന്നു പറഞ്ഞതിനു സ്കീമുണ്ടാക്കുവാൻ വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്കീം വേഗത്തിൽ ഉണ്ടാക്കണമെന്നാണു് ഉദ്ദേശം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇവിടെ ൻ വ്യവസായങ്ങളുടെ പേരു് പറഞ്ഞിട്ടുള്ളതിൽ ഒന്നു പുങ്കന്നത്താണു് എന്നു പറഞ്ഞു. ബാക്കി എട്ടെണ്ണം എവിടെയൊക്കെയാണു നടത്തുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഏഴെണ്ണം ചേപ്പിലാണു്, ഒമ്പതാമത്തേതു നടത്തുന്നതു് മൂന്നു സ്ഥലങ്ങളിലായിട്ടാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: മൂന്നു സ്ഥലങ്ങളിലായിട്ടു് നടത്തുന്നതു് എവിടെയൊക്കെയാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചാലക്കുടിയിൽ വിജയരാഘവപുരം കോളനി, വടക്കാഞ്ചേരി, നടത്തറ എന്നിവിടങ്ങളിലാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതൊക്കെ കോളനികളുടെ പേരല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരെണ്ണം കോളനിയിലാണു്. (വിജയരാഘവപുരം).

മിസ്റ്റർ കെ. കെ. കണ്ണൻ: നടത്തറയിൽ നടത്തുന്നതു് എന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: Bamboo-mats industry ആണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതിനു് എത്ര ധനസഹായമാണു് ഗവമ്മെണ്ടു അനുവദിച്ചിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു ഗവമ്മെണ്ടിൽനിന്നാണു് നടത്തുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ കൊല്ലത്തിൽ അതിനു് എത്ര സംഖ്യ അനുവദിച്ചിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസു് വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: Government give encouragement to all Cottage industries which in their opinion require encouragement എന്നു പറഞ്ഞിട്ടുണ്ടു്, അതാരുടെ opinion ആണു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഗവമ്മെണ്ടിന്റെ opinion ആണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഗവമ്മെൻറിനു ഈ opinion തരുന്നതു് ആരാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: Director of Industries and Commerce ആണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഗവമ്മെണ്ടിനെ ഉപദേശിക്കുന്നതിനു് വേറെ ആരെങ്കിലുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അഡ്വൈസറി കമ്മറിയുണ്ടു്.

മിസ്റ്റർ പി. മാണി: ഇവിടത്തെ കയർ വ്യവസായത്തിനു പ്രോത്സാഹനം കൊടുക്കുവാൻ വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടു്.

മിസ്റ്റർ പി. മാണി: അതു് ഇതിൽ ഉൾപ്പെട്ടത്താഞ്ഞതു് എന്തുകൊണ്ടാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആ വ്യവസായം തുടങ്ങുന്നവക്കു് ധനസഹായം ചെയ്താൽ മതിയെന്നു് ഉദ്ദേശിച്ചാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: (b)(3) By giving free grants and subsidies on production basis എന്നു പറഞ്ഞിട്ടുണ്ടു്. ഇങ്ങിനെ ഏതെല്ലാം വ്യവസായങ്ങൾക്കാണു് കൊടുത്തിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഖാദി വീവിങ്ങു് ഇൻഡസ്ട്രീസിനു കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇങ്ങിനെ എത്ര സംഖ്യ കൊടുത്തിട്ടുണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ് വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഏതാണ്ട് എത്രയെന്ന പറയാമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനും നോട്ടിസുവേണം.

മിസ്റ്റർ വി ആർ. കൃഷ്ണനെഴുത്തശ്ശൻ: (b) (ര)-ൽ പറയുംവിധം എത്ര ഉറപ്പിക കൊടുത്തിട്ടുണ്ട് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പല ആളുകൾക്കുമായി അയ്യായിരം ഉറപ്പികവരെ കൊടുത്തിട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: (b) (ന) പ്രകാരം വല്ലതും ചെയ്യകൊടുത്തിട്ടുണ്ടൊ ? ഏതു് വ്യവസായത്തിന്നാണു് കൊടുത്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മാക്കറിംഗ് സൊസൈറ്റിക്ക കൊടുത്തിട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ആ സൊസൈറ്റിയിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്ക മാക്കറ്റ് അന്വേഷിക്കുന്നതിന്നു് പുറത്തു് ഏജൻസികളുണ്ടൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പല ഏജൻസികളുമുണ്ട്.

DEPARTMENTAL TESTS—TEXT BOOKS—NON-AVAILABILITY OF

30. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഭയവായി ഗവൺമെണ്ടു മറുപടി പറയാമോ.—

(എ) ഗവൺമെണ്ടുദ്യോഗസ്ഥന്മാർ ചില ഡിപ്പാർട്ടുമെണ്ടു "ടെസ്റ്റു" പരീക്ഷകൾ പാസ്സാകണമെന്ന നിയമമില്ലേ;

(ബി) ആ വക നിയമങ്ങൾ അടങ്ങിയതും പരീക്ഷകൾക്ക പഠിക്കേണ്ടതുമായ പുസ്തകങ്ങൾ കിട്ടുവാൻ ഉണ്ടോ എന്ന ഗവൺമെണ്ടിനറിയാമോ :

(സി) ആ വക പുസ്തകങ്ങൾ കിട്ടുവാൻ സൌകര്യപ്പെടുന്നതുവരെ ഡിപ്പാർട്ടുമെണ്ടു പരീക്ഷകൾ നിറുത്തിവെക്കേണ്ടതാണെന്ന ഗവൺമെണ്ടിന്ന ബോദ്ധ്യമുണ്ടോ ?

മസ്റ്റർ ബി. വി. കെ. മേനോൻ: (എ) ഉവ്വ്.

(ബി) കിട്ടുന്നില്ലെന്നുള്ള പരാതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ വന്നിട്ടില്ല.

(സി) മേൽ ഉത്തരംകൊണ്ടു് ഈ ചോദ്യത്തിന്ന ഉത്തരം ആവശ്യമില്ല.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: ഈ പുസ്തകങ്ങൾ കിട്ടുവാനിടയുണ്ടെന്ന ഗവൺമെൻറിനറിയാമൊ ?

മിസ്റ്റർ ബി. വി. കെ മേനോൻ: കിട്ടുന്നുണ്ടെന്നാണു് ഗവൺമെൻറിന്റെ അറിവു്.

മിസ്റ്റർ പി. കെ. ഡീവർ: ഗവൺമെൻറ പ്രസ്സിൽ ഈ പുസ്തകങ്ങൾ വില്ക്കുവാനുണ്ടൊ എന്നു് ഗവൺമെൻറു് അന്വേഷിച്ചിട്ടുണ്ടൊ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: പുസ്തകങ്ങൾ കിട്ടുന്നില്ലെന്നു് ഗവൺമെൻറിന്റെ നോട്ടീസ്സിൽ വന്നിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: സ്റ്റാമ്പു മാനുവൽ മറ്റു കൊല്ലമായിട്ട ഗവൺമെൻറ പ്രസ്സിൽ അച്ചടിച്ചിട്ടില്ലെന്നു് ഗവൺമെൻറ അന്വേഷിച്ചറിയാമൊ ?

മിസ്റ്റർ ബി. വി. കെ. മേനോൻ. അന്വേഷിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: അനുദ്യോഗസ്ഥന്മാർക്കു് ഈ പുസ്തകങ്ങൾ പ്രസ്സിൽ നിന്നു വാങ്ങാൻ കിട്ടുമൊ ?

മിസ്റ്റർ ബി. വി കെ. മേനോൻ: പ്രസ്സിൽ വില്ക്കുന്ന പുസ്തകം അനുദ്യോഗസ്ഥന്മാർക്കും കിട്ടുന്നതാണു്.

മിസ്റ്റർ പി. നാരായണമേനോൻ: ഉദ്യോഗത്തിൽ ടെസ്റ്റു പാസ്സായതിന്നുശേഷമെ നിയമിക്കുകയുള്ളു എന്നുണ്ടൊ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ഇൻക്രിമെൻറ കിട്ടണമെങ്കിൽ ഇതു് പാസ്സാകണമെന്നുണ്ടൊ ?

LIBRARY ARCHIVES Kerala Legislative Assembly